പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1884 04.12.2018-ലെ മറുപടിക്ക്

## അടൂർ-ഉദയഗിരി കെ.എസ്.ആർ.ടി.സി.ബസിന്റെ ഷെഡ്യൂൾ

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന അടൂർ-ഉദയഗിരി ബസിന്റെ ഷെഡ്യൂൾ ടൈമിൽ ഈയിടെ വരുത്തിയിട്ടുള്ള സമയ മാറ്റത്തിന് കാരണം എന്താണെന്നറിയിക്കുമോ; | (എ) | ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ ഗുണകരമാകുന്നതിനും, അതുവഴി മെച്ചപ്പെട്ട വരുമാനം കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് അടൂർ ഡിപ്പോയിലെ ഉദയഗിരി സർവ്വീസിന്റെ സമയക്രമത്തിൽ മാറ്റം വരുത്തിയത്. |
| (ബി) | ലാഭകരമെന്ന് ബോദ്ധ്യപ്പെട്ട സമയ ക്രമത്തിൽ വരുത്തിയിട്ടുള്ള മാറ്റം മൂലം വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല.<br>ഉദയഗിരി സർവ്വീസിന്റെ സമയക്രമം മാറ്റിയ കാരണത്താൽ വരുമാനക്കുറവ് ഉണ്ടായിട്ടില്ല. |
| (സി) | ഇത്തരത്തിൽ മുൻപ് വരുത്തിയ മാറ്റം മുൻ സി.എം.ഡി റദ്ദ് ചെയ്തിട്ടുണ്ടോ? | (സി) | ഇല്ല. |
| (ഡി) | അടൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ അടൂർ-ഉദയഗിരി സർവ്വീസിനെ നഷ്ടത്തിലാക്കുന്ന തരത്തിൽ നിലവിൽ ഉണ്ടായിട്ടുള്ള അശാസ്ത്രീയ സമയ മാറ്റം സംബന്ധിച്ച് ബോദ്ധ്യപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | നിലവിലുള്ള സമയക്രമം ദീർഘദൂര യാത്രക്കാർക്കും, കെ.എസ്.ആർ.ടി.സി.ക്കും ഗുണകരമായതിനാൽ സമയക്രമം ഇപ്പോൾ പുനഃക്രമീകരിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ